ഹദീസ്

ഹാദി

# സഞ്ചാര പാതകളിലെ സംസ്കാര പാഠങ്ങൾ

وَعَنْ أَبِي سَعِيدٍ اَلْخُدْرِيِّ - رَضِي اللهُ عَنْهُ قَالَ: قَالَ رَسُولُ اَللَّهِ - صلى الله عليه وسلم : إِيَّاكُمْ وَالْجُلُوسَ بِالطُّرُقَاتِ، فَقَالُوا: يَا رَسُولَ اَللَّهِ، مَا لَنَا منْ مَجَالِسِنَا بُدّ نَتَحَدَّثُ فِيهَا، فَقَالَ : إِذَا أَبَيْتُمْ إلاَ الْمَجْلس، فَأَعْطُوا اَلطَّرِيقَ حَقَّهُ، قَالُوا: وَمَا حَقّ الطَرِيق يَا رَسُولَ الله؟ قَالَ: غَضُّ اَلْبَصَرِ، وَكَفُّ اَلْأَذَى، وَرَدُّ اَلسَّلَامِ، وَالْأَمْرُ بِالْمَعْرُوفِ، وَالنَّهْيُ عَنْ اَلْمُنْكَرِ( متفق عليه)

**അബൂ സഈദുൽ ഖുദ്‌രി നിവേദനം ചെയ്യുന്നു; മുഹമ്മദ് നബി പറഞ്ഞു: 'വഴികളിൽ ഇരിക്കുന്നത് നിങ്ങൾ സൂക്ഷിക്കണം.' അനുചരന്മാർ പ്രതിവചിച്ചു; 'ഞങ്ങൾക്ക് വഴികളിൽ ഇരിക്കാതെ പറ്റില്ല, അവിടെയാണല്ലോ ഞങ്ങൾ വർത്തമാനം പറയാറുള്ളത്.' നബിയുടെ മറുപടി; 'അവിടെ ഇരിക്കാതെ നിർവാഹമില്ലെങ്കിൽ, വഴിയുടെ അവകാശങ്ങൾ വകവെച്ചു കൊടുക്കണം'! 'എന്തൊക്കെയാണ് വഴിയുടെ അവകാശങ്ങൾ? അനുചരന്മാർ ചോദിച്ചു. 'കണ്ണുകൾ നിയന്ത്രിക്കുക, ഉപദ്രവങ്ങൾ തടയുക, പ്രത്യഭിവാദ്യം ചെയ്യുക, നന്മ കൽപിക്കുക, തിന്മ തടയുക' –നബി വിശദീകരിച്ചു.** (സ്വഹീഹുൽ ബുഖാരി –6229, സ്വഹീഹു മുസ്‌ലിം –2121, സുനനു അബൂദാവൂദ് –4815, മിശ്കാത്തുൽ മസ്വാബീഹ് –4564 തുടങ്ങിയ ഹദീസ് സമാഹാരങ്ങളിൽ രേഖപ്പെട്ട ഈ നബിവചനം പ്രബലം - സ്വഹീഹ് - ആണെന്ന് ഹദീസ് പണ്ഡിതർ രേഖപ്പെടുത്തിയിട്ടുണ്ട്).

ഒരു ചെറു സംഭാഷണം, നബിയും അനുചരന്മാരും തമ്മിൽ. യാത്രാ വഴികളിൽ മനുഷ്യർ പാലിക്കേണ്ട മര്യാദകളാണ് വിഷയം. പ്രാധാന്യമുള്ള സാമൂഹിക സുന്നത്താണ് ഉള്ളടക്കം. വഴികളിൽ പാലിക്കേണ്ട മര്യാദകൾ എന്തൊക്കെയാണ്? ആവശ്യങ്ങളും അനുഭവങ്ങളും വിശദമായ ഉത്തരം തരും. അടിസ്ഥാന തത്ത്വങ്ങൾ മാത്രമാണ് ഈ നബിമൊഴിയിലുള്ളത്. ഒന്ന്, വഴികൾ യാത്രക്ക് വേണ്ടിയുള്ളതാണ്, അവിടെ സഭ കൂടരുത്. രണ്ട്, കണ്ണുകൾ നിയന്ത്രിക്കണം. കാരണം, നോട്ടത്തിന് പല മാനങ്ങളുമുണ്ട്. മൂന്ന്, യാത്രികർക്ക് യാതൊരു പ്രയാസവും സൃഷ്ടിക്കരുത്. നാല്, വഴികളിൽ നന്മക്ക് കാവലാവുകയും തിന്മക്ക് തടയിടുകയും വേണം. അബൂത്വൽഹ നിവേദനം ചെയ്യുന്ന മറ്റൊരു സമാന സംഭവത്തിൽ, ഗോവണിയിലോ, നടപ്പാതയോടു ചേർന്ന സ്ഥലത്തോ ഇരുന്ന് സംസാരിക്കുന്നവരെ നബി(സ) ഉപദേശിച്ചതിൽ ഈ കാര്യങ്ങളോടൊപ്പം 'മാന്യമായി സംസാരിക്കുക' എന്നുകൂടിയുണ്ട് (മുസ്‌ലിം). സഞ്ചാരപാതയിലെ സംസ്കാര പാഠങ്ങൾ എന്നൊക്കെ നമുക്കിവയെ വിശേഷിപ്പിക്കാം. ഇന്ന് റോട്ടിലെ മര്യാദകൾ (Road Manners) എന്ന തലക്കെട്ടിൽ വിശദീകരിക്കപ്പെടുന്ന എല്ലാ നിയമങ്ങളുടെയും മൂല്യങ്ങളുടെയും അടിയാധാരമാണിവ. ഇസ്‌ലാമിന് റോട്ടിൽ എന്ത് കാര്യമെന്ന് ചോദിക്കേണ്ടതില്ല, കാരണം റോട്ടിലും ചില സുന്നത്തുകൾ പാലിക്കേണ്ടതുണ്ടെന്ന് ഈ നബിവചനം പഠിപ്പിക്കുന്നു.

**ഒന്ന്;** 'വഴിയിൽ ഇരിക്കുന്നത് സൂക്ഷിക്കുക' എന്നാണ് ഹദീസിലെ ആദ്യവാചകം. വഴിയിൽ ഇരിക്കാതെ കഴിയില്ലെന്ന് നബിക്ക് അറിയാം, എന്നിട്ടും അത് വിലക്കുന്ന സ്വരത്തിൽ സംസാരിച്ചു തുടങ്ങിയത് വിഷയത്തിന്റെ ഗൗരവം ബോധ്യപ്പെടുത്താനാണ്. വഴികൾ യാത്ര ചെയ്യാനുള്ളതാണ്, അവിടെ സഭ കൂടരുത്, അത് യാത്രക്കാർക്ക് പ്രയാസമുണ്ടാക്കും. നടപ്പാതകളിൽ കൂട്ടം കൂടി നിന്ന് സംസാരിക്കുക, അരികിലേക്ക് മാറ്റി നിർത്താതെ മാർഗതടസ്സം ഉണ്ടാക്കും വിധം വാഹനങ്ങൾ നിർത്തി വർത്തമാനം പറയുക, കുറച്ചു പേർ സംസാരിച്ചുകൊണ്ട് നിരനിരയായി നടന്ന് മറ്റുള്ളവർക്ക് കടന്നു പോകാൻ പ്രയാസമുണ്ടാക്കുക തുടങ്ങിയവയൊക്കെ ഈ ശാസന പ്രകാരം തെറ്റാണ്.

**രണ്ട്;** 'വഴിയുടെ അവകാശങ്ങൾ' – ചിന്തനീയമാണ് നബിയുടെ പ്രയോഗം. വഴിയിലെ മര്യാദകൾ പാലിക്കുക എന്ന ഉപദേശമല്ല, 'അവകാശങ്ങൾ നൽകുക' എന്ന ശാസനയാണിത്. മനുഷ്യാവകാശങ്ങൾ, പൗരാവകാശങ്ങൾ, തൊഴിലവകാശങ്ങൾ തുടങ്ങിയവ പോലെ, അല്ലാഹുവിന്റെ അവകാശങ്ങൾ, മാതാ-പിതാക്കളുടെ, ഭാര്യാ-ഭർത്താവിന്റെ അവകാശങ്ങൾ പോലെ 'വഴിയുടെ അവകാശങ്ങൾ'! വഴിയുടെ അവകാശങ്ങൾ പറയുമ്പോൾ ആദ്യമറിയേണ്ടത് വഴി തന്നെ ഒരു അവകാശമാണെന്നാണ്. 'വഴിയുടെ വിഷയത്തിൽ തർക്കം വന്നാൽ ഏഴു മുഴമായി നിജപ്പെടുത്തണമെന്ന്' നബി പഠിപ്പിച്ചതായി അബൂഹുറയ്‌റ നിവേദനം ചെയ്ത ഹദീസിലുണ്ട്.(സ്വഹീഹുൽ ബുഖാരി, കിതാബുൽ മളാലിം).

**മൂന്ന്;** 'നോട്ടം നിയന്ത്രിക്കണം' - ഇതാണ് ഒന്നാമത്തെ അവകാശം. വഴികൾ ബഹുവിധ കാഴ്ചകളുടെ ഇടങ്ങളാണ്. കണ്ണുകൾക്കാണ് നിയന്ത്രണം വേണ്ടത്. എല്ലാ കാഴ്ചകളിലും യഥേഷ്ടം വിഹരിക്കാൻ അഴിച്ചുവിട്ട കണ്ണുകൾ ഏതു കുപ്പത്തൊട്ടിയിലും അലയുന്ന തെരുവു പട്ടികൾക്ക് സമാനമത്രെ! നോട്ടം പല വിധത്തിലുണ്ട്; വ്യക്തികളെ തിരിച്ചറിയാൻ, വിഷയങ്ങൾ മനസ്സിലാക്കാൻ. ഇതിനപ്പുറമുള്ള നോട്ടം പലപ്പോഴും അനാവശ്യമാകും. നോട്ടം ചിലപ്പോൾ ആളുകളെ അലോസരപ്പെടുത്തുന്നതാകാറുണ്ട്, പ്രത്യേകിച്ചും സ്ത്രീകളെ. ചിലയിടങ്ങളിൽ സ്ത്രീകൾ വഴി നടക്കാനും പൊതുവാഹനങ്ങളിൽ യാത്ര ചെയ്യാനും പ്രയാസപ്പെടുന്നതിന്റെ കാരണം പലരുടെയും തുറിച്ചുനോട്ടമാണ്. 'കണ്ണുകളുടെ വ്യഭിചാരം' എന്ന് നബി താക്കീത് ചെയ്ത പോലെയുള്ള നോട്ടമാകാതിരിക്കാനാണ്, 'നിയന്ത്രണം വേണം' എന്ന് ഇസ്‌ലാം കാർക്കശ്യം പുലർത്തിയത്.

**നാല്;** 'ഉപദ്രവങ്ങൾ തടയണം' - ഇതാണ് രണ്ടാമത്തെ അവകാശം. നബി ഉപയോഗിച്ച 'അദാ' എന്ന പദത്തിന് മോശമായത്, ഉപദ്രവകരമായത്, ബുദ്ധിമുട്ടുണ്ടാക്കുന്നത് എന്നൊക്കെ അർഥമുണ്ട്. ആളുകളെ പ്രയാസപ്പെടുത്തുന്നതെന്തും 'അദാ' ആണ്. വഴികളിലെ ഏതൊരു പ്രവർത്തനവും മറ്റുള്ളവരെ പെട്ടെന്ന് ബാധിക്കുന്നു. അതുകൊണ്ട്, ഫുട്പാത്തിലെ / റോട്ടിലെ നടത്തം, ഇരുത്തം, പെരുമാറ്റം, ഡ്രൈവിംഗ്, പാർക്കിംഗ്, പരിപാടികൾ തുടങ്ങിയവയൊന്നും ആളുകൾക്ക് പ്രയാസമുണ്ടാക്കും വിധമാകരുത്. മാലിന്യങ്ങൾ വലിച്ചെറിഞ്ഞ് വഴികൾ വൃത്തികേടാക്കൽ, അശ്രദ്ധമായ വാഹനമോടിക്കൽ, ചളി തെറിപ്പിക്കൽ, കാൽനടയാത്രക്കാരെയും ചെറുവാഹനങ്ങളെയും ഭയപ്പെടുത്തും വിധമുള്ള ഡ്രൈവിംഗ്, ഗതാഗതക്കുരുക്കുണ്ടാക്കുന്ന പാർക്കിംഗ്, പൊതുവഴികൾ കൈയേറിയും കടകൾ റോട്ടിലേക്ക് ഇറക്കിക്കെട്ടിയും തോന്നും പോലെ വഴിയോര കച്ചവടം നടത്തിയും മറ്റുമുണ്ടാക്കുന്ന ഇടുക്കവും മാർഗതടസ്സങ്ങളും മുതൽ, പരിസരം നോക്കാതെ തുപ്പുന്നതു വരെ വഴിയിലെ ഉപദ്രവങ്ങളുടെ പട്ടികയിലുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും വൃദ്ധരുൾപ്പെടെയുള്ള അവശർക്കുമെതിരായ കൈയേറ്റങ്ങൾ വേറെ. ഇതെല്ലാം ഈ നബി വചനത്തിന്റെ പരിധിയിൽ വരുമെന്ന് പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്. ഇമാം വഹബ സുഹൈലി എഴുതുന്നു; ''പ്രയാസമുണ്ടാക്കുന്ന മാലിന്യങ്ങളിൽ നിന്ന് പൊതുവഴികൾ ശുദ്ധീകരിക്കണം, മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന വിധത്തിൽ പൊതുവഴിയിൽ ഭക്ഷണപാനീയങ്ങൾ കഴിക്കരുത്, അമിത വേഗത്തിൽ വണ്ടിയോടിക്കരുത്, ജീവന്റെ സുരക്ഷ ഗതാഗത നിയമങ്ങളിൽ പ്രധാനമാണ്. അബൂസഈദുൽ ഖുദ്‌രിയിൽനിന്ന് ഇമാം മാലിക് ഉദ്ധരിച്ച, 'ആരെയും ദ്രോഹിക്കരുത്, ഉപദ്രവിക്കപ്പെട്ടാൽ തിരിച്ച് ദ്രോഹം ചെയ്ത് പകരം വീട്ടരുത്' എന്ന ഹദീസിന്റെ താൽപര്യത്തിൽ പെട്ടതാണിത്' (അൽ ഫിഖ്ഹുൽ ഇസ്‌ലാമി വ അദില്ലത്തുഹു).

'ജനങ്ങൾ യാത്ര ചെയ്യുന്ന വഴിയിലും വിശ്രമിക്കാനിരിക്കുന്ന തണലിടങ്ങളിലും മലമൂത്ര വിസർജനം ചെയ്യുന്നത് ശപിക്കപ്പെട്ട കാര്യമാണെന്നും അത് സൂക്ഷിക്കണമെന്നും' നബി പറഞ്ഞിട്ടുണ്ട് (മുസ്‌ലിം). സൂക്ഷ്മത (തഖ്‌വ) എന്ന് അർഥമുള്ള 'ഇത്തഖൂ' എന്ന പദമാണ് നബി ഉപയോഗിച്ചിട്ടുള്ളത്. ഇതും തഖ്‌വയുടെ ഭാഗമാണെന്ന ഉണർത്തലാണത്. പണ്ഡിതവര്യനായ ഇമാം അബൂത്വാലിബ് അൽ മക്കീ (മരണം ഹി. 386) പറയുന്നു; ''വഴിയിലിരുന്ന് കച്ചവടം ചെയ്യുന്നവരിൽനിന്ന് സൂക്ഷ്മാലുക്കൾ സാധനങ്ങൾ വാങ്ങാറുണ്ടായിരുന്നില്ല. വീടുകളിൽനിന്ന് മാലിന്യം വഴിയിൽ തള്ളുന്നതും പ്രയാസമുണ്ടാക്കും വിധം മരച്ചില്ലകൾ വഴിയിലേക്ക് നീട്ടി നിർത്തുന്നതും കടകൾ റോട്ടിലേക്ക് ഇറക്കിക്കെട്ടുന്നതും വളർത്തുമൃഗങ്ങളെ പൊതു നിരത്തിലേക്ക് അഴിച്ചുവിടുന്നതും വെറുക്കപ്പെട്ടതായാണ് പണ്ഡിതന്മാർ കണ്ടിരുന്നത്. ഇതെല്ലാം ജനങ്ങൾക്ക് പ്രയാസമുണ്ടാക്കും എന്നതാണ് കാരണം.'' അബുബക്‌റുൽ മറൂസി ഉദ്ധരിക്കുന്ന ഒരു സംഭവമുണ്ട്; ഇമാം അഹ്‌മദുബ്‌നു ഹമ്പലിന്റെയടുത്ത് അൽപം ഭക്ത്യാദരവോടെ ഇരിക്കുന്ന ഒരാളുണ്ടായിരുന്നു. ഇമാം അയാളെ സ്വീകരിക്കുകയും ആദരിക്കുകയും ചെയ്യുമായിരുന്നു. ഒരുനാൾ ഇമാം അയാളോടൊപ്പം ഇരിക്കാൻ വിസമ്മതിച്ചു. അയാൾ കാരണം തിരക്കി. ഇമാം പറഞ്ഞു; 'താങ്കൾ പൊതുവഴിയിലേക്ക് ഇറക്കിയാണ് /വഴിയിൽ നിന്ന് മണ്ണെടുത്താണ് പറമ്പിന്റെ ചുറ്റുമതിൽ കെട്ടിയത്.' 'അത് തെറ്റാണോ?' അയാൾ ചോദിച്ചു. 'അതേ, തെറ്റാണ്' - ഇമാം പറഞ്ഞു. 'ഇനി എന്ത് ചെയ്യണം'? അയാൾ അന്വേഷിച്ചു. 'മതിൽ പൊളിച്ച് ഇത്തിരി കയറ്റിക്കെട്ടിയ ശേഷം നിന്റെ സ്ഥലത്തു നിന്ന് മണ്ണെടുത്ത് അതിൽ പൂശാം'. അയാൾ മതിൽ പൊളിച്ചു കെട്ടി, തെറ്റ് തിരുത്തി. ഇമാം ഗസാലി, 'പൊതുനിരത്തിൽ വിലക്കപ്പെട്ട കാര്യങ്ങൾ' (മുൻകറാത്തുശവാരിഅ്) എന്ന തലക്കെട്ടിലാണ് ഈ വിഷയം *ഇഹ്‌യാ ഉലൂമിദ്ദീനിൽ* വിശദീകരിച്ചത്.

'സത്യവിശ്വാസം (ഈമാൻ) എഴുപതിൽപരം ഇനങ്ങളുണ്ട്, അതിൽ ഏറ്റവും ശ്രേഷ്ഠം ലാ ഇലാഹ ഇല്ലല്ലാഹ് എന്ന വചനമാണ്, അതിൽ ജീവിതത്തോട് ഏറ്റവും അടുത്ത് നിൽക്കുന്നത് വഴികളിലെ പ്രയാസങ്ങൾ നീക്കം ചെയ്യലാണ്' എന്ന ഏറെ പ്രചുരമായ വചനം (ഇമാം മുസ്‌ലിം ഉദ്ധരിച്ചത്) ശ്രദ്ധിക്കുക. വഴിയിലെ ഉപദ്രവം നീക്കം ചെയ്യൽ ഈമാനിന്റെ ഭാഗമെന്നാണ് മുഹമ്മദ് നബി പഠിപ്പിച്ചത്. 'വഴിയിലെ പ്രയാസങ്ങൾ പരിഹരിക്കുന്നത്' ധർമം (സ്വദഖ) ആണെന്നും മറ്റൊരു നബി വചനത്തിലുണ്ട് (അബൂഹുറയ്‌റയിൽനിന്ന് ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ചത്).

**അഞ്ച്;** പ്രത്യഭിവാദ്യമാണ് മൂന്നാമത്തെ അവകാശം. അഭിവാദ്യം ചെയ്തവരോടുള്ള പ്രത്യഭിവാദ്യം സാംസ്‌കാരിക ഔന്നത്യത്തിന്റെ അടയാളമാണ്. നേരത്തേ പറഞ്ഞ രണ്ട് അവകാശങ്ങളുടെയും പൂരകമാണ് ഇത്. സലാം പറയുന്ന/ മടക്കുന്ന ഒരു ആചാരം മത/ സമുദായ ചിഹ്നമെന്ന നിലയിൽ നിലനിർത്തുക എന്നതല്ല ഇതിന്റെ യഥാർഥ ഉദ്ദേശ്യം. സമാധാനം എന്നർഥമുള്ള സലാം, പറയുകയും മടക്കുകയും ചെയ്യുക എന്നതിനർഥം, സമാധാനവും സുരക്ഷിതത്വബോധവും പരസ്പരം വകവെച്ചു നൽകുക എന്നതാണ്. വഴിയവകാശങ്ങൾ വിശദീകരിക്കുമ്പോൾ പണ്ഡിതന്മാർ 'സുരക്ഷിതത്വം' എടുത്തു പറഞ്ഞത് കാണാം.

**ആറ്;** നന്മക്ക് കാവലാവുക, തിന്മക്കെതിരെ പോരാളിയാവുക - ഇതാണ് നാലാമത്തെ അവകാശം. നന്മ ചെയ്യാൻ ധാരാളം അവസരങ്ങളുള്ള ഇടമാണ് പൊതു വഴികൾ. സന്ദർഭാനുസാരം ഇതെല്ലാം സ്വയം ചെയ്യുകയും മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കുകയും ചെയ്യുക മുസ്‌ലിം സമൂഹത്തിന്റെ ബാധ്യതയാണ്. പൊതുവിൽ മുസ്‌ലിംകൾ ഈ രംഗത്ത് തൽപരരാണെന്നതിന് സാക്ഷ്യങ്ങൾ പലതുണ്ട്. വിശ്വാസത്തിന്റെ താൽപര്യപ്രകാരമാണ് നിർവഹിക്കുന്നത് എന്ന ബോധത്തോടെ അതെല്ലാം തങ്ങളുടെ സംസ്‌കാരമാക്കി മാറ്റാൻ സത്യവിശ്വാസികൾ ശ്രദ്ധിക്കേണ്ടതുണ്ട്. ●